പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :4778 — 22.03. 2018 ൽ മറുപടിക്ക്

**ഓൺലൈൻ ബില്ലിങ്**

ചോദ്യം — ഉത്തരം

ശ്രീ.ടി.വി.ഇബ്രാഹിം — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)വൈദ്യുതി വകുപ്പിൽ ഓൺലൈൻ ബില്ലിങ് രീതി സാർവ്വത്രികമാക്കിയിട്ടുണ്ടോ; ഓൺലൈൻ വഴി വൈദ്യുതി ചാർജ്ജ് അടക്കുന്നവരുടെ എണ്ണം വർദ്ധിച്ച് വരുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ)വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം സാർവത്രികമാക്കിയിട്ടുണ്ട്. വൈദ്യുതി വകുപ്പിൽ ഓൺലൈൻ വഴി വൈദ്യുതി ചാർജ്ജ് അടക്കുന്നവരുടെ എണ്ണം വർദ്ധിച്ച് വരുന്നുണ്ട്. ഓൺലൈൻ പേയ് മെന്റ് തുടങ്ങിയ 2014-ൽ ഒരു മാസം ശരാശരി 7000-ഓളം ഉപഭോക്താക്കൾ ഓൺലൈൻ വഴി വൈദ്യുതി ചാർജ്ജ് അടച്ചിരുന്നത് വർദ്ധിച്ച് 2018 ആയപ്പോൾ 5 ലക്ഷത്തിൽപരം ആയി. |
| (ബി)ഓൺലൈൻ വഴി ബിൽ പെയ്മെന്റ് നടത്തുന്നതിന് അവബോധ/ പ്രോത്സാഹന പരിപാടി നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) ഓൺലൈൻ പേയ്മെന്റ് സംവിധാനം സംബന്ധിച്ച് ഉപഭോക്താക്കൾക്ക് സംശയനിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനും ഉള്ള സേവനം, വൈദ്യുതി ബോർഡിന്റെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കസ്റ്റമർ കെയർ സെന്റർ വഴി നൽകി വരുന്നു. 1912 അഥവാ 0471 2555544 എന്ന ടെലഫോൺ നമ്പർ വഴിയും ഇ.മെയിൽ വഴിയും ഈ വിഭാഗവുമായി ബന്ധപ്പെടാൻ കഴിയും. സെക്ഷനോഫീസുകൾ വഴിയും ഇതു സംബന്ധിച്ച് പ്രോത്സാഹന പരിപാടികൾ നടത്തിവരുന്നു. കൂടാതെ ഓൺലൈൻ ആയി പണമടക്കുന്നതിനായി വിശദമായ മാർഗ്ഗ നിർദ്ദേശം നൽകുന്ന വീഡിയോകൾ കെ.എസ്.ഇ.ബി-യുടെ ഔദ്യോഗിക വെബ്സൈറ്റിലും, ഫെയ്സ്ബുക് പേജിലും മറ്റ് സോഷ്യൽ മീഡിയകളിലും നൽകിയിട്ടുണ്ട്. ടി.വി, റേഡിയോ മുതലായ മാധ്യമങ്ങളിലൂടെയും ഓൺലൈൻ പേയ് മെന്റ് സംബന്ധിച്ചുള്ള അവബോധം ഉപഭോക്താക്കൾക്കിടയിൽ നടത്തി വരുന്നു. |
| (സി)ഓൺലൈൻ വഴി വൈദ്യുതി ചാർജ് അടക്കമ്പോൾ ഉപഭോക്താക്കൾക്ക് ഏതെങ്കിലും തരത്തിലുള്ള ഇളവുകളോ, ആനുകൂല്യങ്ങളോ ലഭിക്കുന്നുണ്ടോ; വിശദീകരിക്കാമോ? | (സി) ഓൺലൈൻ വഴി വൈദ്യുതി ചാർജ് അടക്കുമ്പോൾ ഉപഭോക്താക്കൾക്ക് ബില്ലിൽ ഇളവുകളോ ആനുകൂല്യങ്ങളോ കെ.എസ്.ഇ.ബി നൽകുന്നില്ല. വൈദ്യുതി ബോർഡിന്റെ ഓൺലൈൻ സംവിധാനവുമായി നേരിട്ട് ഇന്റഗ്രേറ്റ് ചെയ്തിട്ടുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കാനറ ബാങ്ക്, ഐ.സി.ഐ.സി.ഐ ബാങ്ക് എന്നീ ബാങ്കുകൾ വഴി ഉപഭോക്താക്കൾക്ക് സൗജന്യമായി വൈദ്യുതി ബിൽ അടക്കാവുന്നതാണ്. കൂടാതെ കെ.എസ്.ഇ.ബി.യുമായി ഓൺലൈൻ പേയ്മെന്റിനു വേണ്ടി സംയോജിച്ച് പ്രവർത്തിക്കുന്ന പേയ്മെന്റ് സർവ്വീസ് പ്രൊവൈഡർമാർ, ഇളവുകളും ആനുകൂല്യങ്ങളും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ